

# മലകയറ്റം കഠിനം.. കഠിനം..

## ■ അയ്യപ്പദർശനത്തിന് പൊലീസ് കടമ്പകൾ താണ്ടണം

▸ടി.എസ്.സനൽ കുമാർ

ശബരിമല: ശബരിമല ദർശനം ഇത്തവണ കരിമല കയറ്റത്തെക്കാൾ കഠിനമാകും ഭക്തർക്ക്. പൊലീസിന്റെ കർശന നിയന്ത്രണങ്ങളാണ് മലചവിട്ടാൻ വീട്ടിൽ നിന്ന് പുറപ്പെടും മുതൽ അയ്യപ്പദർശനം നടത്തി മലയിറങ്ങുന്നതുവരെ ഭക്തർക്ക് നേരിടേണ്ടത്.

നിയന്ത്രണം കാരണം ഭക്തർക്ക് രാവിലെതന്നെ എത്തിയാലേ നെയ്യഭിഷേകം നടത്താൻ കഴിയൂ. ഉച്ചപൂജയ്ക്ക് മുമ്പ് ദർശനം സാദ്ധ്യമായില്ലെങ്കിൽ കഴിഞ്ഞെന്ന് വരില്ല. തുടർന്ന് മാളികപ്പുറത്തേക്ക് കടത്തിവിടും. ഇവിടത്തെ ദർശന ശേഷം ബെയ്‌ലി പാലം വഴി ചന്ദ്രാനന്ദൻ റോഡിലെത്തിച്ച് മടക്കി അയയ്ക്കാനാണ് പൊലീസ് പദ്ധതി.

സന്നിധാനത്ത് വിരിവയ്ക്കാനോ രാത്രി 11ന് ശേഷം തങ്ങാനോ കടകൾ തുറന്ന് പ്രവർത്തിപ്പിക്കാനോ അനുവദിക്കില്ലെന്നാണ് പൊലീസ് നിർദ്ദേശം. ഉച്ചപൂജയ്ക്ക് ശേഷം സന്നിധാനത്ത് എത്തുന്ന ഭക്തർക്ക് നെയ്യഭിഷേകം നടത്തണമെങ്കിൽ മലയിറങ്ങി പിറ്റേന്ന് പുലർച്ചെ വീണ്ടും മല ചവിട്ടേണ്ടിവരും.

സന്നിധാനത്ത് ആകെ 13 ഹോട്ടലുകളും രണ്ട് ലൈറ്റ് ഫുഡ് കടകളുമാണ് ഉള്ളത്. ഇതിൽ ആറ് ഹോട്ടലുകൾ മാത്രമാണ് ഇന്നലെവരെ ലേലത്തിൽ പോയത്. രാത്രിയിൽ ഹോട്ടലുകൾ കൂടി അടയ്ക്കുന്നതോടെ ഭക്തർ ഭക്ഷണം കിട്ടാതെ വലയും.

### വാഹന പാസ്

ശബരിമലയിലേക്ക് പോകുന്ന വാഹനങ്ങൾക്ക് പൊലീസ് നൽകുന്ന പാസ് നിർബന്ധം. വാഹനങ്ങൾ പുറപ്പെടുന്ന സ്ഥലത്തെ സ്റ്റേഷനിൽ നിന്നാണ് പാസ് വാങ്ങേണ്ടത്. വാഹനത്തിന്റെ ഇനം, ഭക്തരുടെ എണ്ണം, യാത്രാ തീയതി, ഡ്രൈവറുടെ പേര്, മൊബൈൽ നമ്പർ എന്നിവ സ്റ്റേഷനിൽ നൽകണം. പാസുള്ള വാഹനങ്ങൾക്കേ നിലയ്ക്കലിൽ പാർക്കിംഗ് അനുവദിക്കൂ. ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന വാഹങ്ങൾക്ക് കേരളത്തിലെ ഏതെങ്കിലും സ്റ്റേഷനിൽ നിന്നോ നിലയ്ക്കൽ സ്റ്റേഷനിൽ നിന്നോ പാസുകൾ വാങ്ങാം. പരിശോധനയ്ക്ക് ശേഷമേ നിലയ്ക്കലിലെ ബേസ് ക്യാമ്പിലേക്ക് കടത്തിവിടൂ. പാർക്കിംഗ് മേഖല കേരള, കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്.

### നിലയ്ക്കൽ- പമ്പ സർവീസ്

നിലയ്ക്കലിൽ നിന്ന് പമ്പയിലേക്ക് കെ.എസ്.ആർ.ടി.സി മാത്രമാണ് സർവീസ് നടത്തുന്നത്. ഡിജിറ്റൽ ക്രൗഡ് മാനേജ്മെന്റ് സിസ്റ്റം വഴി ദർശനസമയം ബുക്ക് ചെയ്യുന്നവർക്ക് കെ.എസ്.ആർ.ടി.സി ടിക്കറ്റുകൾ ആവശ്യമെങ്കിൽ ഓൺലൈനായി കിട്ടും. അല്ലാത്തവർ നിലയ്ക്കലിലെ കെ.എസ്.ആർ.ടി.സി ഓഫീസിൽ നിന്ന് ടിക്കറ്റ് ബുക്ക് ചെയ്യണം. മറ്റുള്ള സ്ഥലങ്ങളിൽ നിന്ന് കെ.എസ്.ആർ.ടി.സിയിൽ നേരിട്ട് എത്തുന്നവർ നിലയ്ക്കലിൽ നിന്ന് ടിക്കറ്റ് എടുക്കേണ്ടതില്ല. സ്വകാര്യ വാഹനങ്ങളിൽ നിലയ്ക്കലിൽ എത്തുന്നവർ പമ്പയിലേക്ക് പോകാൻ പൊലീസിന്റെ സുരക്ഷാ നിർദേശങ്ങൾ പാലിക്കണം.

### സ്കാനറും കടന്ന് ഇരുമുടിക്കെട്ട്

പമ്പയിലെത്തുന്ന ഭക്തരെ തിരക്കിനനുസരിച്ച് നിയന്ത്രിച്ചാണ് മല ചവിട്ടാൻ അനുവദിക്കുക. ആദ്യം മെറ്റൽ ഡിറ്റക്ടർ വഴി കടത്തിവിടും. തുടർന്ന് ഇരുമുടിക്കെട്ട് ഉൾപ്പെടെ സ്കാനറിലൂടെ കടത്തിവിട്ട് പരിശോധിക്കും. മുഖം തിരിച്ചറിയാനുള്ള കാമറയിലൂടെ ചിത്രങ്ങൾ പകർത്തും. ശബരിപീഠം മുതൽ കർശന നിയന്ത്രണത്തിലാണ് കടത്തിവിടുക.

### ഡിജിറ്റൽ ക്രൗഡ് മാനേജ്മെന്റ് സിസ്റ്റം

പൊലീസിന്റെ ഡിജിറ്റൽ ക്രൗഡ് മാനേജ്മെന്റ് സിസ്റ്റം വഴി ദർശന സമയം ബുക്ക് ചെയ്യാം. ബുക്ക് ചെയ്യുമ്പോൾ ഡിജിറ്റൽ ക്യൂ കൂപ്പൺ ലഭിക്കും. കൂപ്പണിന്റെ പ്രിന്റ് തീർത്ഥാടകർ കരുതണം. പ്രത്യേക നിറത്തിലുള്ള കൂപ്പൺ കൈമാറ്റം ചെയ്യാൻ കഴിയില്ല.

ചന്ദ്രാനന്ദൻ റോഡ് വഴി സന്നിധാനത്തേക്ക് പോകാൻ മരക്കൂട്ടത്ത് ഈ കൂപ്പൺ കാണിക്കണം. ദുരുപയോഗം ഒഴിവാക്കാൻ എൻട്രി കാർഡ് കൗണ്ടർ ഫോയിൽ സന്നിധാനത്ത് ശേഖരിക്കും. കാർഡ് പരിശോധിക്കാൻ പത്ത് കേന്ദ്രങ്ങൾ ഗണപതി കോവിലിന്റെ ഭാഗത്തുണ്ടാകും. സന്നിധാനത്തും മരക്കൂട്ടത്തും പമ്പയിലും പരിശോധനാ കേന്ദ്രങ്ങൾ പ്രവർത്തിക്കും. 9 എസ്.ഐമാരും 82 പൊലീസ് ഉദ്യോഗസ്ഥരും ഡിജിറ്റൽ ക്യൂ ഡ്യൂട്ടിയിലുണ്ടാകും.



*നിലയ്ക്കലിലെ സ്ഥിതിഗതികൾ യതീഷ് ചന്ദ്ര ഐ.പി.എസിന്റെ നേതൃത്വത്തിൽ വിലയിരുത്തുന്നു*

- ■ കാനനപാതയിലൂടെ ആരെയും കടത്തിവിടേണ്ടെന്ന് പൊലീസ് നിർദേശം
- ■ പന്ത്രണ്ട് മണിക്കൂറിൽ കൂടുതൽ ആരെയും സന്നിധാനത്ത് തങ്ങാൻ അനുവദിക്കില്ല
- ■ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്ക് കൈയിൽ ധരിക്കാൻ പ്രത്യേക ബാൻഡുകൾ
- ■ സന്നിധാനത്ത് മുറികൾ ബുക്ക് ചെയ്യുന്നവരെ പൊലീസ് നിരീക്ഷിക്കും
- ■ പ്രത്യേക ബാരിക്കേഡ് സംവിധാനം സന്നിധാനത്ത്



# ഭീഷണിയിൽ ഭയപ്പെടില്ല

## സുനിൽ പി. ഇളയിടം 'ഫ്ലാഷി'നോട്

FLASH EXCLUSIVE

▸ഷഫീക്ക് ഷാഹിന

തിരുവനന്തപുരം: കേരളത്തിൽ അഭിപ്രായസ്വാതന്ത്ര്യം ഇല്ലാത്ത അവസ്ഥയാണ് നിലവിലുള്ളത് എന്നതിന്റെ തെളിവാണ് ശബരിമല യുവതീപ്രവേശനത്തെ അനുകൂലിച്ച് പ്രഭാഷണം നടത്തിയതിന്റെ പേരിൽ എനിക്ക് നേരെയുണ്ടായ വധഭീഷണിയും ഓഫീസിന് നേരെയുണ്ടായ ആക്രമണവുമെന്ന് സംസ്കൃത സർവകലാശാല മലയാളം വിഭാഗം അദ്ധ്യാപകനും സാമൂഹ്യ നിരീക്ഷകനും പ്രഭാഷകനുമായ പ്രൊഫ. സുനിൽ പി. ഇളയിടം. ഇതേക്കുറിച്ച് അദ്ദേഹം ഫ്ലാഷിനോട് സംസാരിക്കുന്നു:

### ഭയപ്പെടുത്താമെന്ന് കരുതണ്ട

ഇത്തരം ഭീഷണികൾ കൊണ്ടൊന്നും തന്നെ ഭയപ്പെടുത്താമെന്ന് ആരും കരുതണ്ട. എന്നെ സംബന്ധിച്ച് ഇതൊരു പുതിയ കാര്യമല്ല. സാമൂഹ്യമാദ്ധ്യമങ്ങളിലെ അതിക്രമങ്ങളും അപവാദങ്ങളും വ്യക്തിഹത്യയുമെല്ലാം പല രൂപത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്.

### ആക്രമണം ഭീകരം, ഗുരുതരം

ശബരിമലയിൽ യുവതികൾ കയറരുത് എന്ന വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വാദത്തെപ്പോലെതന്നെ പ്രധാനമാണ് സുപ്രീം കോടതിയുടെ യുവതികൾക്കും കയറാം എന്ന ഉത്തരവ്. അതിനെ അനുകൂലിച്ച് സംസാരിക്കുമ്പോൾ ആക്രമിക്കപ്പെടുക എന്നത് ഭീകരവും ഗുരുതരവുമാണ്. എനിക്ക് നേരെ മാത്രമല്ല ഇത്തരത്തിൽ ആക്രമണമുണ്ടാവുന്നത്. സ്വാമി സന്ദീപാനന്ദഗിരിക്ക് നേരെയുണ്ടായ ആക്രമണവും സമാന രീതിയിലുള്ളതും ഇതെല്ലാം ചെറുത്ത് തോൽപ്പിക്കേണ്ടതുമാണ്.

### ഇത് രാഷ്ട്രീയ പ്രശ്നമല്ല

ഇത് ഇടതുപക്ഷ-വലതുപക്ഷ രാഷ്ട്രീയ പ്രശ്നമൊന്നുമല്ല. ബി.ജെ.പിയും ആർ.എസ്.എസും ഈ പ്രശ്നത്തെ രാഷ്ട്രീയമായി മുതലെടുക്കാൻ ശ്രമിക്കുമ്പോഴാണ് ഇത്തരം പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. ശരിയായതോ തെറ്റായതോ ആയ ഒരു അഭിപ്രായ പ്രകടനവും ഇവിടെ നടത്താനാവുന്നില്ല എന്നതാണ് അടിസ്ഥാനപരമായ പ്രശ്നം.

### മതങ്ങൾ പരിഷ്കരിക്കപ്പെടണം

പ്രായോഗികമായി എല്ലാ മതങ്ങളുടെയും ഉള്ളടക്കം ഏറക്കുറേ സ്ത്രീ വിരുദ്ധമാണ്. മതങ്ങളെ ആഭ്യന്തരമായി പരിഷ്കരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മുസ്ലിം പള്ളികളിലെ സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ട് കോടതി വിധി വന്നാൽ അതിനെപ്പറ്റിയും സംസാരിക്കും. ലിംഗവിവേചനമാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം.

### നിയമ വ്യവസ്ഥയെ വെല്ലുവിളിക്കുന്നു

സുപ്രീംകോടതി വിധി നടപ്പാക്കാൻ അനുവദിക്കാതെ നിയമ വ്യവസ്ഥയെയും ജനാധിപത്യത്തെയും വെല്ലുവിളിക്കുന്നത് ആർ.എസ്.എസും സംഘപരിവാർ സംഘടനകളുമാണ്. ലിംഗ നീതിക്ക് വേണ്ടിയുള്ള പോരാട്ടം ശബരിമലയുമായി ബന്ധപ്പെട്ട് മാത്രമല്ല, അല്ലാതെയും ചർച്ച ചെയ്യപ്പെടേണ്ടതും തിരുത്തേണ്ടതുമാണ്.

### മുഖ്യമന്ത്രി ശക്തൻ

നവോത്ഥാന മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന ശക്തമായ നിലപാടുകളാണ് മുഖ്യമന്ത്രിയെന്ന നിലയിൽ പിണറായി വിജയനിൽ നിന്നുണ്ടാവുന്നത്. ലോക്സഭാ ഇലക്ഷന്റെ പടിവാതിലിൽ നിന്നുകൊണ്ട് പോലും വോട്ട് ബാങ്കുകൾ നോക്കാതെ ശക്തമായ നിലപാടെടുക്കാനും എന്ത് പ്രശ്നമുണ്ടായാലും അതിലുറച്ച് നിൽക്കാനും കഴിയുന്നു എന്നതാണ് മുഖ്യമന്ത്രിയെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്.



സുനിൽ പി. ഇളയിടം